**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 467** **29.01.2019 ൽ മറുപടിക്ക്.**

**ചരക്ക് സേവന നികുതി വകുപ്പ് പുന:സംഘടന**

| **ചോദ്യം**<br>**ശ്രീ.സണ്ണി ജോസഫ്** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുന:സംഘടന സംബന്ധിച്ച് നാളിതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും നടപടിക്രമങ്ങൾ എത്ര സമയത്തിനുള്ളിൽ പൂർത്തിയാകുമെന്നും അറിയിക്കുമോ; | (എ) | വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല സമിതി GO(Rt)No.593/2018/TAXES dated 13.08.2018 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>17.12.2018 ലെ യോഗതീരുമാന പ്രകാരം എൽ.ഡി.സി തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, വകുപ്പിൽ അധികമായുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകൾ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന നികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വകുപ്പിലെ എൻട്രി കേഡർ തസ്തികയായ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എപ്പോൾ പിൻവലിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018 വർഷത്തിൽ സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ | (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018 വർഷത്തിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ, ടൈപ്പിസ്റ്റ്, ക്ലാർക്ക് തസ്തികകളിൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പാലിച്ച് ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഏതെല്ലാം തസ്തികയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എ.എസ്.റ്റി.ഒ. കേഡറിൽ മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; 2018-ൽ എ.എസ്.റ്റി.ഒ.മാരുടെ പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് സർക്കാർ ഉത്തരവിന്റെ ലംഘനമാണെന്ന് കരുതുന്നുണ്ടോ; | (ഡി) | മുൻഗണന ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2018 വർഷത്തിൽ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. പ്രസ്തുത വർഷത്തിലെ അന്യ സംസ്ഥാനത്തിൽ നിന്നും വരുന്ന ചരക്കുകളിൽ കൂടി നികുതി ചോർച്ച തടയുന്നതിനായി സർവൈലൻസ് സ്ക്വാഡുകൾ അതിർത്തി ജില്ലകളിൽ രൂപീകരിക്കുകയും തല്ഫലമായി ജീവനക്കാരെ പ്രസ്തുത സ്ക്വാഡുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടി വന്നതിനാൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. ജീവനക്കാരെ ഭരണപരമായ സൗകര്യത്തിനായി പുനർവിന്യസിക്കാൻ വകുപ്പിന് അധികാരമുണ്ട്. |
| (ഇ) | ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി രൂപീകരിച്ച സർവൈലൻസ് സ്ക്വാഡുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രാഥമിക ആവശ്യം നിറവേറ്റുന്നതിന് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (ഇ) | ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി രൂപീകരിച്ച സർവൈലൻസ് സ്ക്വാഡുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അവരുടെ സൗകര്യാർത്ഥമായ സ്ഥലങ്ങളിൽ വിശ്രമിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കുമായി വകുപ്പിന്റെ അധീനതയിലുള്ള പഴയ വാറ്റ് നികുതി കാലയളവിലെ തിരഞ്ഞെടുക്കപ്പെട്ട ചെക്ക്പോസ്റ്റുകൾ ക്യാമ്പ് ഓഫീസുകളാക്കി മാറ്റി സജ്ജീകരിച്ചിട്ടുണ്ട്. സർക്കാർ സർവൈലൻസ് സ്ക്വാഡുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി 16,50,000/- രൂപ നൽകിയിട്ടുള്ളതും ആയത് പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കൂടാതെ സർവൈലൻസ് സ്ക്വാഡിൽ ജോലിചെയ്തുവരുന്ന എല്ലാ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്കും സ്വന്തം മൊബൈൽ ഫോണിലെ സംവിധാനങ്ങളുപയോഗിച്ച് ഇ- |

| | | | |
|---|---|---|---|
| | | | വേ ബിൽ പരിശോധന നടത്തുന്നതിനായി ഡാറ്റാ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 500 രൂപ നൽകിവരുന്നു. സ്ക്വാഡിന് ഔദ്യോഗിക ആവശ്യങ്ങൾക്കായി ലാപ്-ടോപ്പും വാഹന സൗകര്യവും നിലവിലുണ്ട്. |
| (എഫ്) | പ്രസ്തുത സ്ക്വാഡിലെ ജീവനക്കാർക്ക് ക്യാമ്പ് ഓഫീസ് ഉൾപ്പെടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഇന്റലിജൻസ് ഓഫീസുകളുടെ കീഴിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ 15 ക്യാമ്പ് ഓഫീസുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. |

| നം. | ക്യാമ്പ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം | ജില്ല | അധികാര പരിധിയിലുള്ള ഇന്റലിജൻസ് ഓഫീസ് |
|---|---|---|---|
| 1 | അമരവിള | തിരുവനന്തപുരം | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), തിരുവനന്തപുരം |
| 2 | ആര്യങ്കാവ് | കൊല്ലം | |
| 3 | കമ്പിളി | ഇടുക്കി | |
| 4 | ബോഡിമെട്ട് | ഇടുക്കി | |
| 5 | കമ്പംമേട്ട് | ഇടുക്കി | |
| 6 | വാളയാർ | പാലക്കാട് | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), എറണാകുളം |
| 7 | ഗോപാലപുരം | പാലക്കാട് | |
| 8 | ഗോവിന്ദപുരം | പാലക്കാട് | |
| 9 | മീനാക്ഷിപുരം | പാലക്കാട് | |
| 10 | വേലന്താവളം | പാലക്കാട് | |
| 11 | താമരശ്ശേരി | കോഴിക്കോട് | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), കോഴിക്കോട് |
| 12 | വട്ടുവഞ്ചാൽ | വയനാട് | |
| 13 | കൂട്ടുപുഴ | കണ്ണൂർ | |
| 14 | ബംഗ്ര-മഞ്ചേശ്വരം | കാസർഗോഡ് | |
| 15 | പെർലാ | കാസർഗോഡ് | |

**സെക്ഷൻ ഓഫീസർ**

# GOVERNMENT OF KERALA

## Abstract

Taxes Department- GST Roll Out-Restructuring of State Goods & Services Tax Department-Constitution of High Level Committee-Sanction accorded-Orders issued.

## TAXES(D)DEPARTMENT

**G.O.(Rt)No.593/2018/TAXES** Dated,Thiruvananthapuram, 13/08/2018

Read 1 Letter No: CT/5555/2017-A1 dated 05.07.2018 from the Commissioner, State Goods & Services Tax Department, Thiruvananthapuram.

## ORDER

As per the letter read as 1st paper above, the Commissioner, State Goods & Services Tax Department had submitted to Government a proposal requesting for the constitution of a High-Level Committee in the context of GST Roll Out and Restructuring of State Goods & Services Tax Department.

2.Government have examined the matter in detail and are pleased to issue orders according sanction for the constitution of a High Level Committee with the following members:-

**(i) Principal Secretary, Taxes Department**
**(ii) Principal Secretary ,Finance Department**
**(iii) Principal Secretary,P&ARD**
**(iv) Additional Chief Secretary,Planning & Economic Affairs Department**
**(v) Commissioner of State tax**
**(vi) Secretary, Taxes Department (Convenor)**

3.The High Level Committee will have the following terms of reference:-

1.Organisational structure of the department in tune with the GST Act and rules.
2.Abolition /Establishment/Modification of Functional Structures/Verticals of the Department
3.Optimal Human Resource Management and Deployment
4.Define the"Assessment Units" as "Single table with multiple tasks"
5.Re-defining jurisdictional area (Geographical /Zonal/Business prone etc)
6.Acquiring IT skills

7.Facilitate services to all its stakeholders for ease of business
8.Re-organization of Intelligence/Assessment/Demand & Recovery/Appeals/Audit
9.Co-ordinated anti-evasion activities with Centre and other States in view of cross empowerment between State and Central officials with respect to GST Acts
10.Handling legacy issues in Subsumed Acts including Assessment , recovery and existing State exclusively handled by SGST Department.
11.All other strengthening mechanisms of the department under GST regime.

**4.The Committe will submit report within three months.**

(By order of the Governor)
**VENUGOPAL P**
**SECRETARY**

To:

The Commissioner, State Goods & Services Tax Department.
The Principal Secretary, Taxes Department.
The Principal Secretary, Finance Department.
The Principal Secretary,P&ARDepartment.
The Additional Chief Secretary, Planning & Economic Affairs Department.
The Accountant General , (A&E),Kerala, Thiruvananthapuram.
The Accountant General, (E&RSA), Kerala, Thiruvananthapuram.
Information & Public Relations(Web & New Media)Department
Stock File/Office Copy

Forwarded /By order

Section Officer

Copy to: C.A. to Additional Secretary, Taxes Department.
P.S to Minister(Fin&Coir)